## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1663

04-12-2015 ൽ മറുപടിയ്ക്ക്

### നെൽക്കൃഷി

ചോദ്യം
ശ്രീ.മോൻസ് ജോസഫ്
,, സി.എഫ്.തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി.യു. കുരുവിള

മറുപടി
ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | നെൽകർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | എ) | നെൽകർഷകരെ സഹായിക്കുന്നതിനായി സുസ്ഥിര നെൽകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം, തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ), ആർ.കെ.വി.വൈ പൊക്കാളി നെൽകൃഷി- വികസന പദ്ധതി, നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉൽപ്പാദന ബോണസ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) | നെല്ല് ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ; | ബി) | ആർ.കെ.വി.വൈ പദ്ധതി പ്രകാരം 2000 ഹെക്ടർ തരിശ്ശുഭൂമിയിൽ നെൽകൃഷി നടപ്പിലാക്കിവരുന്നു. |
| സി) | നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | സി) | കേന്ദ്ര സർക്കാരാണ് നെല്ലിന്റെ താങ്ങുവില ഓരോ വർഷവും നിശ്ചയിക്കുന്നത് (എം.എസ്.പി). കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് നെല്ലു സംഭരണം നടത്തിവരുന്നത്. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില ഉൽപ്പാദനചെലവുമായി താരതമ്യപ്പെട്ടുത്തുമ്പോൾ കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ താങ്ങുവിലയോടൊപ്പം "സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്" കൂടി |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തികൊണ്ട്, ഉയർന്ന സംഭരണ വിലയ്ക്കാണ് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ താങ്ങുവില കിലോയ്ക്ക് 14.10 രൂപയായിരിക്കുമ്പോൾ സംസ്ഥാന സർക്കാർ ഇൻസെന്റീവ് ബോണസ് (7.40 രൂപ/കിലോയ്ക്ക്) കൂടി ഉൾപ്പെടുത്തികൊണ്ട് 21.50 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. |

സെക്ഷൻ ഓഫീസർ